# Malayala Manorma

## 18 June 2018

## Kochi: Heavy rain, Destruction



കടവന്ത്ര കത്രൃക്കടവ് റോഡിൽ വീണ മരം.

# കാന നിർമാണത്തിലെ അപാകത നാടിനെ വെള്ളത്തിൽ മുക്കുന്നു

കൊച്ചി • ലക്ഷങ്ങൾ മുടക്കി പണിത കാനയുടെ അപാകതമൂലം മഴയിൽ വീടുകളിൽ വെള്ളം കയറി പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയായതായി സ്ഥലവാസികൾ. പോണേവഴി ധന്യ ലെയ്നിലാണ് 6,52,000 രൂപ മുടക്കി കാന പണിതിരിക്കുന്നത്.

150 മീറ്റർ ദൂരം മാത്രമുള്ള റോഡിൽ തുടക്കം മുതൽ 100 മീറ്റർ മാത്രമാണ് കാനയുടെ നിർമാണം പൂർത്തിയായിരിക്കുന്നത്. കാന റോഡ് നിരപ്പിൽ നിന്ന് ഉയർന്നതായതിനാൽ വെള്ളത്തിന് ഒഴുക്കില്ല. നിർമാണത്തിൽ അപാകതയുണ്ടെന്ന് ആദ്യമേ അധികൃതരെ അറിയിച്ചെങ്കിലും നടപടിയെടുത്തില്ല. റോഡിന്റെ മധ്യഭാഗത്തുകൂടി 150 മീറ്ററും കാന നിർമിച്ചാലേ പ്രശ്നത്തിനു ശാശ്വത പരിഹാരമുണ്ടാകൂ. റോഡിലെ ടാറിങ്ങും ശരിയായ രീതിയിലല്ല നടത്തിയിരിക്കുന്നതെന്നു സ്ഥലവാസികൾ ആരോപിച്ചു.